# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. XXXXIX/FK- 88 2015 DECEMBER 27 NO. 1


### സർക്കുലർ 1

## വിദ്യാഭ്യാസവാരം : 2016 ജനുവരി 3–10

യേശുവിൽ പ്രിയ സഹോദര വൈദീകരെ,
സന്ന്യാസസഹോദരന്മാരെ, സഹോദരിമാരെ, വത്സലമക്കളേ,

അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും മനുഷ്യനെ അറിവിന്റെ പ്രകാശത്തിലേക്ക് നയിക്കുന്നത് വിദ്യാഭ്യാസമാണ്. ഇപ്രകാരം വെളിച്ചം ലഭിച്ച മനുഷ്യനു മാത്രമേ സമൂഹത്തെ ശ്രേഷ്ഠമായ കാഴ്ച്ച പാടുകളോടെ കെട്ടിപടുക്കുവാൻ സാധിക്കുകയുള്ളൂ. ഈ വസ്തുത നമുക്ക് ചുറ്റുമുള്ള ലോകം നമ്മെ പഠിപ്പിക്കുന്ന കാര്യമാണ്. ആര്യഭട്ടനും ബോദീധർമ്മനും സർവിശേശ്യരയ്യയും അറിവിനെ വിളനിലമാക്കിയ ഈ മണ്ണിൽ പാവപ്പെട്ട മനുഷ്യരിലേക്ക് അക്ഷരത്തിന്റേയും അറിവിന്റേയും വിത്തുകൾ പാകിയത് പണ്ട് പടിഞ്ഞാറ് നിന്നെത്തി നങ്കൂരമിട്ട നമ്മുടെ ക്രൈസ്തവ മിഷണറിമാർ തന്നെ എന്നതിൽ അഭിമാനിക്കാം. വിദ്യാഭ്യാസമെന്ന പ്രതിഭാസത്തെ ഇപ്രകാരം ഗൗരവ മായി സമീപിച്ച കത്തോലിക്കാ മിഷനറിമാർ നമ്മുടെ നാടിന് നൽകിയ സംഭാവനകൾ എന്നും നന്ദിയോടെ സ്മരിക്കേണ്ടതാണ്. അവർ തെളിച്ച ദീപം ഈ സമൂഹത്തിൽ എന്നും വിളങ്ങണമെങ്കിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് അക്ഷരവെളിച്ചം പകരാൻ അക്ഷീണം പരിശ്രമിക്കു

ന്നവരായ് നമ്മൾ ഒറ്റകെട്ടായ് മാറുകയും, വിദ്യാഭ്യാസത്തെ ഉയർത്തി പിടിക്കേണ്ടതുമുണ്ട്. അറിവിന്റെ ലോകത്തെ അവഗണിച്ച അനുഭവ ങ്ങളും അതുവഴിയുണ്ടായ മുറിവുകളും നാം തിരിച്ചറിഞ്ഞു കഴിഞ്ഞു എന്നതിന്റെ അടയാളമാണ് നമ്മുടെ അതിരൂപതയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നടക്കുന്ന വിദ്യാഭ്യാസ ഉന്നമന പ്രവർത്തനങ്ങളും അതുവഴി നാം കൈവരിച്ച അഭിമാനർഹമായ നേട്ടങ്ങളും.

സഭയുടെ ഉന്നമനത്തിനും വിദ്യാഭ്യാസ പുരോഗതിക്കുംവേണ്ടി കുട്ടികളെ കൈപിടിച്ചു നടത്താൻ പ്രാപ്തിയുള്ള പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നില്ല എന്നുള്ളതാണ് ലത്തീൻ സമുദായം വിദ്യാഭ്യാസ പരമായി വളരാതിരുന്നതിനുള്ള കാരണം. ഇവിടെയാണ് ഒരു കൊച്ചു സമൂഹത്തിന്റെ പുതിയ ദർശനവും കാഴ്ച്ചപാടുകളുമായ് നവദർശൻ രൂപം കൊണ്ടത്. വരാപ്പുഴ അതിരൂപത വിദ്യാഭ്യാസ മേഖലയിൽ നാൾക്കുനാൾ വളർന്നുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയുന്നുണ്ട്. അതിനുള്ള ഒരു പ്രധാന കാരണം വരാപ്പുഴ അതിരൂപതയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന നവദർശന്റെ പിന്തുണയാണെന്നതിൽ സംശയമില്ല. വിദ്യാഭ്യാസസമിതികളുടെ സഹായത്തോടെ അതിരൂപതയുടെ എല്ലാ ഇടവകകളിലും നവദർശൻ അർത്ഥവത്തായ കർമ്മപരിപാടികളാണ് നാളിതുവരെ കാഴ്ച്ചവെച്ചിട്ടുള്ളത്. ഇക്കാരണ ത്താലാണ് നമ്മുടെ അതിരൂപതയിലെ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസം മുന്നിൽ കണ്ടുകൊണ്ട് 21 കോടിയിലധികം രൂപ നവദർശൻ വിദ്യാഭ്യാസപദ്ധതി വഴി കരുതൽ നിക്ഷേപമായ് മാറ്റി വച്ചിട്ടുള്ളത്. ഇതെല്ലാം വിരൽചൂണ്ടുന്നത് സുരക്ഷിതമായ ഭാവിതല മുറയുടെ വിദ്യാഭ്യാസത്തിലേക്കാണ്.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളും വിദ്യാഭ്യാസത്തിന്റെ സംരക്ഷണം അനുഭവിക്കുന്നത് നാം കണ്ട വലിയ സ്വപ്നമാണ്. രണ്ടാ യിരത്തി ഇരുപതാമാണ്ടോടെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ നാം സമാരംഭിച്ചതാണ് എഡ്യുവിഷൻ 2020. ഇതിന്റെ ഭാഗമായിട്ടാണ് ഇടവക തലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എപ്രകാരം നടക്കുന്നു എന്ന് വിലയിരുത്തുന്നതിനും മറ്റുമായി വർഷം തോറും നാം വിദ്യാഭ്യാസ വാരം ആചരിക്കുന്നത്. ഈ വർഷത്തെ വിദ്യാഭ്യാസവാരം 2016 ജനുവരി 3-ാം തീയതി ആരംഭിച്ച് ജനുവരി 10ന് അവസാനിക്കുന്നു.

ജനുവരി 3-ാം തീയതി ഞായറാഴ്ച്ച പ്രധാന ദിവ്യബലിക്കുശേഷം ദീപം തെളിച്ചുകൊണ്ടാണ് ഇടവകയിലെ വിദ്യാഭ്യാസവാരാചാരണത്തിനു തുടക്കമിടുന്നത്. ഓരോ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചനും വിദ്യാഭ്യാസസമിതിയും മതബോധനവിഭാഗവും മറ്റു സംഘടനകളും ചേർന്ന് 4 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ പഠനമികവ് ഉറപ്പുവരുത്താൻ നവദർശന്റെ കർമ്മപരിപാടികൾക്ക് പിന്തുണനൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വർഷം വരാപ്പുഴ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി +2 പാസായതിനുശേഷം ഉന്നത വിദ്യാഭ്യാസം നടത്തുന്ന 2590 വിദ്യാർത്ഥികൾക്ക് 93 ലക്ഷം രൂപ സ്കോളർഷിപ്പായി നൽകാൻ സാധിച്ചു. വരുന്ന വർഷങ്ങളിൽ ഇതിലും നല്ല രീതിയിൽ സ്കോളർഷിപ്പ് നൽകുന്നതിന്റെ ഭാഗമായി വരാപ്പുഴ അതിരൂപതയുടെ വിദ്യഭ്യാസഫണ്ടിലേക്ക് അതിരൂപതയിലെ എല്ലാ കുടുംബങ്ങളും കഴിയുന്ന രീതിയിൽ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇതിനായി ഈ വിദ്യാഭ്യാസവാരത്തിൽ എല്ലാ ഭവനങ്ങളിലേക്കും ഒരു വിദ്യാഭ്യാസനിധി സമാഹരണ കവർ നൽകുകയാണ്. ഈ കവറിൽ നിങ്ങളുടെ കഴിവിന്റെ ഒരു ഓഹരി നമ്മുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ തുക നമ്മുടെ കുട്ടികൾക്കുതന്നെ വർഷാവർഷങ്ങളിൽ നവദർശൻ സ്കോളർഷിപ്പിലൂടെ ലഭിക്കുന്നതാണ്. ഈ മഹത്തായ സംരംഭത്തിൽ നമ്മുടെ അതിരൂപതയിലെ ഓരോ കുടുംബത്തിന്റെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്താം അതുവഴി വിദ്യാഭ്യാസത്തിലൂടെ സാമുദായിക പുരോഗതി കൈവരിക്കാനും കഴിയുമെന്ന് പ്രത്യാശിക്കുകയാണ്. കഴിഞ്ഞ വർഷത്തിൽ വിദ്യാഭ്യാസനിധി സമാഹരണ കവറിലൂടെ അതിരൂപത വിദ്യാഭ്യാസ ഫണ്ടിലേക്ക് 28,76,361 രൂപ ശേഖരിക്കാൻ സാധിച്ചു. ഇതുവരെ വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസ ഫണ്ടിലേക്ക് മൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ ശേഖരിക്കാൻ നമുക്ക് കഴിഞ്ഞു. അതിരൂപതാ വിദ്യാഭ്യാസ ഫണ്ട് 10 കോടി രൂപയാക്കുകയാണ് നമ്മുടെ ലക്ഷ്യം. ഇതിനുവേണ്ടി അക്ഷീണം പരിശ്രമിക്കുന്ന ഫണ്ട് മൊബിലൈസേഷൻ കമ്മിറ്റി ചെയർമാൻ മോൺ. ജോസ് പടിയാരംപറമ്പിലിനെയും വൈസ് ചെയർമാൻ റവ. ഫാ. ജൂഡിസ് പനക്കലിനെയും കൺവീനർ അഡ്വ. വി. എ. ജെറോമിനെയും മറ്റ്

കമ്മിറ്റി അംഗങ്ങളെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയും പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ചെയ്യുന്നു.

വിദ്യാഭ്യാസവാരത്തിലെ 10-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച്ചയും കൂടാതെ ഓരോ ഇടവകയിൽ നിന്നും വിദ്യാഭ്യാസനിധി സമാഹരണ കവറിലൂടെ സമാഹരിക്കുന്ന തുകയും ചേർത്ത്, വരുന്ന ഏപ്രിൽ മാസം 10-ാം തീയതി ഞായറാഴ്ച്ച ഉച്ചയ്ക്ക് ശേഷം 4.00 മണിക്ക് അതിരൂപത മന്ദിരത്തിൽ വച്ച് വികാരിയച്ചനും വിദ്യഭ്യാസസമിതി കൺവീനറും ചേർന്ന് എന്നെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിൽ നിന്നും സമാഹരിച്ച തുകയുടെ വിശദവിവരങ്ങൾ ജീവദീപ്തിയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

തുടർവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസരംഗങ്ങൾ, മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് വേണ്ടത്ര ശ്രദ്ധ നൽകിയാൽ വിദ്യാഭ്യാസ പുരോഗതിയും, അതുവഴി സമൂഹവളർച്ചയും നമുക്ക് കൈവരിക്കുവാൻ കഴിയും. ഇതിനായി ഇടവകയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികർ, സന്ന്യസ്തർ, ഇടവക വിദ്യാഭ്യാസ സമിതിഭാരവാഹികൾ എന്നിവരെ ഞാൻ അഭിനന്ദിക്കുന്നു. നിസ്വാർത്ഥമായി സാമ്പത്തിക സഹായം നൽകുന്നവരെയും പ്രാർത്ഥനാപൂർവ്വം ഞാൻ അനുസ്മരിക്കുന്നു. നമ്മുടെ സമുദായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും അനുപേക്ഷണീയമായ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്ന് 2015 ഡിസംബർ 27-ാം തീയതി,

✠ *ഫ്രാൻസിസ് കല്ലറക്കൽ*
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2016 ജനുവരി 3-ാം തിയതി ഞായറാഴ്ച്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# വിദ്യാഭ്യാസവാരം: ജനുവരി 3–10

## പ്രതിജ്ഞ

**വിജ്ഞാനത്തിന്റെ / ഉറവിടമായ / ദൈവമെ / ഞങ്ങളുടെ അതിരൂപതിയിലെ / വിദ്യാഭ്യാസപ്രവർത്തനങ്ങളെ / അനുഗ്രഹിക്കണമെ / സമുദായത്തിന്റെയും / സമൂഹത്തിന്റെയും / പുരോഗതിക്കായി / അതിരൂപതയിൽ / ആരംഭിച്ചിട്ടുള്ള/ എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളിലും / ഞാൻ സജീവമായി പങ്കുകൊള്ളും / എന്റെ മാതാപിതാക്കന്മാരേയും / ഗുരുജനങ്ങളേയും / മുതിർന്നവരേയും / ഞാൻ എന്നും / ബഹുമാനിക്കും / മെച്ചപ്പെട്ട വിദ്യാഭ്യാസം / നേടുന്നതിനും / നൽകുന്നതിനും / മൂല്യബോധമുള്ള / പൗരന്മാരെ / രൂപപ്പെടുത്തുന്നതിനും / എന്റെ വിലയേറിയ / സമയവും കഴിവും / വിനിയോഗിക്കുമെന്നും / ഞാൻ / പ്രതിജ്ഞ ചെയ്യുന്നു.**

## വിശ്വാസികളുടെ പ്രാർത്ഥന

1. ദൈവമേ, തിരുസഭയേയും, പരിശുദ്ധപിതാവിനേയും, എല്ലാ മെത്രാന്മാരേയും, വിശിഷ്യാ ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ ഫ്രാൻസിസ് കല്ലറക്കൽ പിതാവിനെയും എല്ലാ വൈദീകരേയും സന്യസ്തരേയും, വിശ്വാസികളേയും ശാരീരികവും, ആത്മീകവുമായ വരദാനങ്ങളേകി കാത്തു പരിപാലിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, ഞങ്ങളാരംഭിക്കുന്ന ഈ വിദ്യാഭ്യാസവാരത്തിൽ ഞങ്ങളുടെ അതിരൂപതാസമൂഹത്തിൽ കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചുനിന്ന്, വിദ്യാഭ്യാസത്തിലൂടെ വളർച്ചനേടാനും, കുടുംബ അച്ചടക്കവും, നല്ലശീലങ്ങളും, സ്വായത്തമാക്കി, ജീവിതപുരോഗതി കൈവരിക്കാനും അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. എല്ലാ നന്മകളുടേയും ദാതാവായ ദൈവമേ, അതിരൂപതയുടെ എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളയും ഞങ്ങൾ അങ്ങേ തിരുമുൻപിൽ സമർപ്പിക്കുന്നു. ഇതിനായി പ്രയത്നിക്കുന്ന എല്ലാ

അതിരൂപതകമ്മിറ്റി അംഗങ്ങളേയും വിദ്യാഭ്യാസപ്രവർത്തകരേയും, വൈദീകരേയും, സന്യസ്തരും ആത്മായരും ഉൾപ്പെടുന്ന വിദ്യാഭ്യാസമിതി അംഗങ്ങളേയും നമ്മുടെ വിദ്യാർത്ഥി സമൂഹത്തേയും, അദ്ധ്യാപകരേയും, മാതാപിതാക്കന്മാരേയും അങ്ങ് അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ജ്ഞാനത്തിന്റെ ഉറവിടമായ ദൈവമേ, അതിരൂപതയിലെ എല്ലാ വിദ്യാർത്ഥിനി-വിദ്യാർത്ഥികളേയും അങ്ങേ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. പകർന്നു നല്കുംതോറും വർധിക്കുന്നതും, ആർക്കും അപഹരിക്കാനാകാത്തതുമായ വിദ്യയാകുന്ന മൂല്യമേറിയ ധനം സ്വന്തമാക്കാനുള്ള വരം നൽകി എല്ലാ മക്കളേയും അനുഗ്രഹിക്കണമെ. പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കാൻ അവരുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, എഡ്യൂവിഷൻ 2020 എന്ന അതിരൂപതാ വിദ്യാഭ്യാസപ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ ആവശ്യമായ സാമ്പത്തീകമാർഗ്ഗം കണ്ടെത്തുന്നതിന് രൂപികരിച്ചിട്ടുള്ള വിവിധയിനം ഫണ്ടുകളും, സ്മാരകനിധിയുമെല്ലാം തിരുവിഷ്ഠപ്രകാരം പുരോഗതി കൈവരിക്കാൻ അങ്ങേ കൃപാകാടാക്ഷം ഞങ്ങളിൽ ചൊരിയണമേ. ഈ പദ്ധതിയുടെ വിജയത്തിനായി സാമ്പത്തികസഹായം നൽകി സഹകരിക്കുന്ന എല്ലാവരേയും, അവരുടെ കുടുംബാംഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

6. ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ ദൈവമേ, അതിരൂപതാ മക്കളുടെ ഉന്നതമായ വിദ്യാഭ്യാസം ലക്ഷ്യമാക്കി വിദ്യാഭ്യാസരംഗത്ത് മികച്ച സേവനം നൽകി മൺമറഞ്ഞുപോയ എല്ലാവർക്കും നിത്യശാന്തി നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## സർക്കുലർ 2

# ദൈവവിളി ഞായർ

യേശുവിൽ പ്രിയ വൈദികരേ,
സന്യാസസഹോദരി സഹോദരന്മാരെ, പ്രിയ മക്കളെ,

കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും 2016 ജനുവരി 10-ാം തീയതി കേരളത്തിലെ ലത്തീൻ രൂപതകളിൽ ദൈവവിളി പ്രോത്സാഹന ഞായർ ആഘോഷിക്കുകയാണ്. തിരുസഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ ധാരാളം വൈദികരേയും സന്യാസസമർപ്പിതരെയും അത്മായ സഹോദരരെയും ആവശ്യമുണ്ട്. നമ്മുടെ യുവതി യുവാക്കളിലും കുട്ടികളിലും പൗരോഹിത്യത്തിലേക്കും സന്യാസ ജീവിതത്തിലേക്കുമുള്ള ദൈവവിളികളെ തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കണമെന്ന് പ്രത്യേകമായി നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

### ദൈവവിളികൾക്കു വേണ്ടി പ്രാർത്ഥിക്കുക

ലോകരക്ഷകനായി അവതരിച്ച യേശുവിന്റെ പരസ്യജീവിതത്തെ സുവിശേഷകന്മാർ സംക്ഷിപ്തമായി രേഖപ്പെടുത്തുന്നുണ്ട്. "യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ചുറ്റി സഞ്ചരിച്ചു. ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യരോട് പറഞ്ഞു: വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ, തന്റെ വിളഭൂമിയിലേക്ക് വേലക്കരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്തായി 9,35-38).

താൻ ദൈവപുത്രനായിരുന്നിട്ടും തന്റെ രക്ഷാകരപദ്ധതി തുടർന്നുകൊണ്ടുപോകുവാൻവേണ്ട പ്രേഷിതരെ ലഭിക്കുന്നതിനുവേണ്ടി പിതാവായ ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കണമെന്ന് യേശു ആവശ്യപ്പെടുകയാണ്. അതുകൊണ്ട്, ക്രൈസ്തവരായ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം സഭയിൽ ധാരാളം ദൈവവിളികൾ ഉണ്ടാകാൻവേണ്ടി പ്രാർത്ഥിക്കുകയെന്നതാണ്. കുടുംബങ്ങളിലും ഇടവകയിലും ദൈവവിളിക്കുള്ള പ്രാർത്ഥന മുടക്കരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

തന്റെ അടുത്തേക്കു വന്ന ജനക്കൂട്ടം പരിഭ്രാന്തരും നിസ്സഹായരുമായിരുന്നുവെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു. യേശു അവരുടെ മുഖത്ത് ദർശിച്ചത് വെറുമൊരു ഭൗതികമായ ആകുലതയല്ല. മറിച്ച്, എക്കാലത്തുമുള്ള മാനവകുലം മുഴുവന്റെയും ആത്മീയമായ വിരളതയും പരിഭ്രാന്തിയുമാണ്. നിത്യമായൊരു പ്രശ്നത്തെയാണ് യേശു അഭിമുഖീകരിക്കുന്നത്. യേശുവിന്റെ കാലത്തെന്നപോലെ ഈ കാലത്തും മനുഷ്യർ പലവിധത്തിലുള്ള ആത്മീയവും ഭൗതികവുമായ ആകുലതകളാൽ ഇടയനില്ലാത്ത ആടുകളെപോലെ വലയുകയാണ്. അവരെ ദൈവത്തിന്റെ പാതയിൽ നയിക്കാനുള്ള ഇടയ ാരെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യാം.

## ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക

അപ്പസ്തോലന്മാരെ പ്രേഷിത പ്രവർത്തനങ്ങൾക്കായി വിളിച്ച യേശുനാഥൻ തന്റെ വിളി ഇന്നും തിരുസഭയിൽ തുടരുകയാണ്. പൗരോഹിത്യത്തിലേക്കും സന്യാസ സമർപ്പിത ജീവിതത്തിലേക്കും അവിടുന്നു വിളിക്കുന്നു. പൗരോഹിത്യത്തിലേക്കുള്ള വിളിയെപ്പറ്റി ഹെബ്രായർക്കുള്ള ലേഖനത്തിൽ കർത്താവ് രേഖപ്പെടുത്തുന്നതുപോലെ: “മനുഷ്യരിൽ നിന്ന് എടുക്കപ്പെട്ട്, പാപങ്ങൾക്കുവേണ്ടി കാഴ്ചകളും ബലികളുമർപ്പിക്കാൻ, ദൈവീക കാര്യങ്ങൾക്കായി ജനങ്ങൾക്കുവേണ്ടി നിയമിക്കപ്പെടുന്നവരാണ് വൈദീകർ” (ഹെബ്രായർ, 5, 1, 2, 17, 4, 15). വൈദിക ജീവിതത്തെ പോലെത്തന്നെ സന്യാസ സമർപ്പിത ജീവിതവും കർത്താവായ ക്രിസ്തുവിന്റെ മാതൃകയിലും പ്രബോധനത്തിലും ആഴത്തിൽ വേരുപിടിച്ചിട്ടുള്ളതാണ്. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭക്കു നൽകുന്ന ദാനമാണത്. ധ്യാനാത്മകവും പ്രാർത്ഥനാത്മകവുമായ സന്യാസ പ്രസ്ഥാനങ്ങൾ ലോകത്തിന്റെ സുവിശേഷവൽക്കരണത്തിൽ പരമാവധി പങ്കുവഹിച്ചിട്ടുണ്ട്. ഇപ്പോഴും വഹിക്കുന്നുണ്ട് (AD GENTES 40). സന്യാസ സമർപ്പിതരില്ലാത്ത ഒരു സഭയെ വിഭാവനം ചെയ്യുക ഇന്ന് സാധ്യമല്ല.

ദൈവവിളികളെല്ലാം ജന്മം കൊള്ളുന്നത് നമ്മുടെ കുടുംബങ്ങളിലാണ്. കുടുംബമാണ് ആദ്യത്തെ സെമിനാരിയും രൂപീകരണ ഭവനവും. പ്രാർത്ഥനയും വിശ്വാസ ചൈതന്യവും സ്നേഹവും ദൈവഭയവും വൈദികരോടും സന്യാസ സമർപ്പിതരോടും ആദരവും ബഹു

മാനവും ഉള്ള കുടുംബങ്ങളിൽ നിന്നു മാത്രമെ നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളൂ. അതുപോലെ തന്നെ ഇടവകാന്തരീക്ഷവും മതബോധനാന്തരീക്ഷവും ഭക്തസംഘടനകളും യുവജനപ്രസ്ഥാനങ്ങളും വിദ്യാഭ്യാസ രംഗവുമെല്ലാം ഒരു വ്യക്തിയുടെ ദൈവവിളിയിൽ വ്യക്തമായ സ്വാധീനം ചൊലുത്തുന്നുണ്ട്. തന്നിമിത്തം മാതാപിതാക്ക ാരും വൈദികരും സന്യസ്തരും മതബോധനാദ്ധ്യാപകരും കുട്ടികളിലും യുവതീയുവാക്കളിലും ദൈവവിളി പ്രോത്സാഹിപ്പിക്കണമെന്ന് പ്രത്യേകം ഓർപ്പിക്കുന്നു.

## ഇടവക ദൈവവിളി കമ്മറ്റി

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഇടവകയിൽ ഇനിയും ദൈവവിളി കമ്മറ്റികൾ രൂപപ്പെടുത്തിയിട്ടില്ലെങ്കിൽ ഉടനെ അതുചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുവേണ്ട മാർഗ്ഗരേഖകൾ അനുബന്ധമായി ചേർക്കുന്നു.

## കർമ്മ പരിപാടികൾ

ദൈവവിളി പ്രോത്സാഹന ഞായർ കൂടുതൽ സജീവമാക്കി തീർക്കുന്നതിന് ഇടവക തലത്തിൽ താഴെ നിർദ്ദേശിക്കുന്ന കാര്യങ്ങൾ സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

1. യുവജനങ്ങളെ പ്രത്യേകമായി പങ്കെടുപ്പിച്ചുകൊണ്ട് ദൈവവിളിക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ, വചന ശുശ്രൂഷകൾ, ദിവ്യകാരുണ്യ ആരാധന മുതലായവ നടത്തുക.
2. മതബോധന ക്ലാസ്സുകളിൽ എൽ.പി., യു.പി., എച്ച്.എസ്., പ്ലസ് വൺ, പ്ലസ് ടു എന്നീ തലങ്ങളിൽ ദൈവവിളി സെമിനാറുകൾ, ദൈവവിളിയെ സംബന്ധിച്ച പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക.
3. ദിവ്യബലി മദ്ധ്യേ ഇടവകയിൽ നിന്നുമുള്ള വൈദീകരുടെയും സമർപ്പിതരുടെയും മാതാപിതാക്കളെ (അവരുടെ മുതിർന്ന സഹോദരങ്ങളെ) ആദരിക്കുക.
4. രൂപതകളിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളും അഗതി മന്ദിരങ്ങളും സന്ദർശിച്ച് കുട്ടികളിൽ സഹാനുഭൂതി സൃഷ്ടിക്കുകയും, സമർപ്പിത ജീവിതത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കാൻ അവർക്ക് അവസരങ്ങൾ കൊടുക്കുകയും ചെയ്യുക.

5. കുടുംബജീവിതവും വൈദിക-സന്യസ്ത ജീവിതവും ദൈവവിളിയുടെ മഹത്തായ അന്തസ്സാണെന്ന് വിശ്വാസികളെ ബോധ്യപ്പെടുത്തുക.

6. ദൈവവിളിക്കായുള്ള പ്രാർത്ഥന എല്ലാ ദിവസവും കുടുംബ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുക.

7. ഇടവകയിൽ നിന്നുള്ള വൈദികരെയും സമർപ്പിതരെയും ആദരിക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും അവരുടെ സേവനരംഗങ്ങളെപ്പറ്റി പ്രത്യേകിച്ച് യുവജനങ്ങളെ മനസ്സിലാക്കി കൊടുക്കുകയും ചെയ്യുക.

8. ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി സാധിക്കുന്ന സാമ്പത്തിക സഹായം നൽകുക.

9. ദൈവവിളി ക്യാമ്പിൽ സംബന്ധിക്കുവാൻ കുട്ടികളെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ നടത്തുക.

ദൈവവിളിയുടെ അമ്മയായ പരിശുദ്ധമറിയത്തിന്റെ മാദ്ധ്യസ്ഥം വഴി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

സ്നേഹപൂർവ്വം

കേരള ലത്തീൻ കത്തോലിക്ക മെത്രാൻ സമിതിക്കുവേണ്ടി,

✠ **സൂസപാക്യം എം.,**
കെ.ആർ.എൽ.സി.ബി.സി. പ്രസിഡന്റ്,
തിരുവനന്തപുരം മെത്രാപ്പോലീത്ത

✠ **ഫ്രാൻസിസ് കല്ലറക്കൽ,**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത
കെ.ആർ.എൽ.സി.ബി.സി., വൈസ്പ്രസിഡന്റ്

✠ **വർഗീസ് ചക്കാലക്കൽ**
ചെയർമാൻ, കെ.ആർ.എൽ.സി.ബി.സി., ദൈവവിളി കമ്മീഷൻ

---

N.B.: ഈ സർക്കുലർ 2016 ജനുവരി 10-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

## ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന

ലോകരക്ഷകനായ ഈശോയേ, അങ്ങിൽ നിന്നു ലഭിച്ച സകല അനുഗ്രഹ ങ്ങൾക്കും പ്രത്യേകിച്ച് സത്യവിശ്വാസത്തിനും ഞങ്ങൾ നന്ദി പറയുന്നു. ആ വിശ്വാസ ത്തിൽ ദൃഢമായി നിലനിൽക്കുന്നതിനും വളർന്നുവരുന്നതിനുമുള്ള കൃപാവരം ഞങ്ങൾക്കു നൽകണമേ. കർത്താവേ ഇനിയും അസംഖ്യം ജനങ്ങൾ അങ്ങയെ അറി യാതെയും അറിയുന്നതിന് മാർഗ്ഗമില്ലാതെയും ജീവിക്കുന്നുണ്ടെന്ന് ഞങ്ങൾ തിരിച്ച റിയുന്നു. വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ അങ്ങ് ആവശ്യപ്പെട്ടുവല്ലോ. പരിശുദ്ധ കന്യകാമറിയത്തിന്റേയും വിശുദ്ധ യൗസേപ്പ് പിതാവിന്റേയും ഇന്ത്യയുടെ അപ്പോസ്തലനായ വിശുദ്ധ തോമാശ്ലീഹായുടേയും വിശുദ്ധ ഫ്രാൻസിസ് സേവ്യറി ന്റേയും സാർവ്വത്രിക മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചു ത്രേസ്യയുടെയും മാദ്ധ്യസ്ഥം വഴി, അങ്ങയുടെ പ്രേഷിതരാകുന്നതിന് ഉത്തമരായ അനവധി യുവജനങ്ങളെ സന്നദ്ധരാക്കണമേ. ആത്മാക്കളുടെ രക്ഷയ്ക്ക് തീക്ഷ്ണ തയോടെ വേല ചെയ്യുന്നതിനുള്ള അനുഗ്രഹം അവർക്കു നൽകണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും വിവിധ പ്രേഷിതരംഗങ്ങളിൽ വേല ചെയ്യുന്നതിനുള്ള തീക്ഷണമതികളായ ധാരാളം പ്രേഷിതരെ വിളിക്കുകയും ചെയ്യ ണമേ. ആമ്മേൻ

## ദൈവവിളി കമ്മീഷൻ

### I. ഇടവക ദൈവവിളി കമ്മിറ്റി

ഇടവകയിലെ കുട്ടികളിലും യുവജനങ്ങളിലും മാതാപിതാക്ക ളിലും വിവിധ ജീവിതാന്തസ്സുകളെപ്പറ്റിയുള്ള അവബോധം സൃഷ്ടി ക്കുന്നതിനും പ്രത്യേകമായി വൈദിക സന്ന്യസ്ത ജീവിതത്തിലേ ക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കു കയും പ്രവർത്തിക്കുകയും ചെയ്യുന്നതിനായി ഇടവകയിൽ നിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന വൈദികസന്ന്യസ്ത അല്മായ പ്രതി നിധികളുടെ ഒരു കൂട്ടായ്മയാണ് ഇടവക ദൈവവിളി കമ്മിറ്റി.

**ഇടവക ദൈവവിളി കമ്മിറ്റിയിലെ അംഗങ്ങൾ**

1. ഇടവക വികാരിയും അസിസ്റ്റന്റ് വികാരിയും
2. ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന സമർപ്പിത സമൂഹത്തിൽ നിന്നുള്ള ഓരോ പ്രതിനിധികൾ

3. കുടുംബയൂണിറ്റ് കേന്ദ്രസമിതി  ാരവാഹികളിൽ നിന്നുള്ള ഒരു പ്രതിനിധി

4. മതബോധന അദ്ധ്യാപകരിൽ നിന്നുള്ള ഒരു പ്രതിനിധി.

5. ഇടവക പ്രാർത്ഥനാഗ്രൂപ്പിൽനിന്നുള്ള ഒരു അല്മായ പ്രതിനിധി.

6. ഇടവകയിലെ മാതൃകാ ദമ്പതികളിൽ നിന്നുള്ള രണ്ടു പേർ.

7. കെ.സി.വൈ.എം, ജീസസ് യൂത്ത, ഭക്തസംഘടനകൾ എന്നിവയിൽ നിന്നും ഓരോ പ്രതിനിധികൾ.

8. ഇടവകയിൽ നിന്നുള്ള വൈദികരുടെയും സന്യസ്തരുടെയും മാതാപിതാക്കളിൽ നിന്നും (സഹോദരങ്ങളിൽ നിന്നും) ഉള്ള രണ്ടു പ്രതിനിധികൾ.

മേൽപറഞ്ഞ കമ്മിറ്റിയംഗങ്ങളിൽ നിന്നും കൺവീനർ, സെക്രട്ടറി, ട്രഷറർ എന്നിവരെ തിരഞ്ഞെടുക്കുന്നു.

**ഭാരവാഹികൾ**

1. **ഡയറക്ടർ :** ഇടവക വികാരിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന അസിസ്റ്റന്റ് വികാരിയോ ആയിരിക്കും ഡയറക്ടർ സ്ഥാനം അലങ്കരിക്കേണ്ടത്.

എ) ദൈവവിളി പ്രോത്സാഹന ഞായർ ഇടവക തലത്തിൽ സമുചിതമായി ആചരിക്കുവാൻ നേതൃത്വം നൽകുന്നു.

ബി) ഈ കൂട്ടായ്മയുടെ പ്രധാന നേതൃത്വം വഹിക്കുകയും പ്രവർത്തനങ്ങൾക്ക് വേണ്ട എല്ലാ സഹായ സഹകരണങ്ങളും നൽകുകയും ചെയ്യുന്നു.

2. **കൺവീനർ :** ഇടവകയിലെ സന്യസ്ത ഭവനങ്ങളിൽ സേവനം ചെയ്യുന്ന സമർപ്പിത സമൂഹങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധിയായിരിക്കും ഇതിന്റെ കൺവീനർ. ഇടവകയിൽ സന്യസ്ത ഭവനങ്ങൾ ഇല്ലെങ്കിൽ അവിടെ സേവനം ചെയ്യുന്ന സമർപ്പിതരിൽ നിന്നോ, തെരഞ്ഞെടുക്കപ്പെട്ട ആത്മായരിൽ നിന്നോ കൺവീനറെ സ്വീകരിക്കാവുന്നതാണ്.

3. **ജോയിന്റ് കൺവീനർ:** ഇടവക അജപാലന ശുശ്രൂഷ സമിതിയുടെ കൺവീനർ ആയിരിക്കും ജോയിന്റ് കൺവീനർ. കൺവീനറിന്റെ എല്ലാ കാര്യങ്ങളിലും സഹായിക്കേണ്ടതും അദ്ദേഹ

ത്തിന്റെ അഭാവത്തിൽ എല്ലാ ദൗത്യങ്ങളും നിറവേറ്റേണ്ടതും ജോയിന്റ് കൺവീനർ ആയിരിക്കും.

4. സെക്രട്ടറി: മീറ്റിംഗ് വിളിച്ചുകൂട്ടുക, അറിയിപ്പ് കൊടുക്കുക, റിപ്പോർട്ട് എഴുതി സൂക്ഷിക്കുക, അജണ്ട തയ്യാറാക്കുക.

5. ട്രഷറർ: ഇടവക ദൈവവിളി കമ്മിറ്റിയെ സംബന്ധിച്ച സാമ്പത്തിക ഇടപാടുകൾ സുതാര്യമായി കൈകാര്യം ചെയ്യുകയും സമയാസമയങ്ങളിൽ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്യുക.

**ഫണ്ട്**

ദൈവിളി പ്രോത്സാഹന ഞായർ ശേഖരിക്കപ്പെടുന്ന ധനസഹായത്തിൽ 50% രൂപതാ ദൈവവിളി കമ്മീഷനും ബാക്കി ഇടവക ദൈവവിള കമ്മിറ്റിക്കും ഉപയോഗിക്കാവുന്നതാണ്.

**ദൗത്യം**

1. ഇടവകതലത്തിൽ കുട്ടികൾക്കും യുവതീയുവാക്കൾക്കും വേണ്ടി പ്രാർത്ഥനായോഗങ്ങൾ, ധ്യാനങ്ങൾ, ദിവ്യകാരുണ്യ ആരാധന, വചന ശുശ്രൂഷ, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, ആത്മീയ നിർദ്ദേശങ്ങൾ, കൗൺസിലിംഗ്, മൂല്യാധിഷ്ഠിത ക്ലാസ്സുകൾ, എന്നിവ സംഘടിപ്പിക്കുക.

2. രൂപതയിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളും അഗതിമന്ദിരങ്ങളും സന്ദർശിച്ച് കുട്ടികളിൽ സഹാനുഭൂതിസൃഷ്ടിക്കുകയും സമർപ്പിത ജീവിതത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കാൻ അവർക്ക് അവസരങ്ങൾ കൊടുക്കുകയും ചെയ്യുക.

3. കുടുംബ ജീവിതവും സന്യസ്ത ജീവിതവും പൗരോഹിത്യ ജീവിതവും ദൈവവിളിയുടെ മഹത്തായ അന്തസ്സാണെന്ന് വിശ്വാസികളെ ബോധ്യപ്പെടുത്തുക.

4. ഇടവക തിരുന്നാൾ ആഘോഷങ്ങളിൽ ഒരു ദിവസം ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ മാറ്റിവെയ്ക്കുക.

5. ദൈവവിളിക്കുള്ള പ്രാർത്ഥന അനുദിനം കുടുംബപ്രാർത്ഥനയിൽ ഉൾപ്പെടുത്തുവാൻ പ്രോത്സാഹനം നൽകുക.

6. ഇടവകയിൽ നിന്നുള്ള വൈദികരെയും സന്യസ്തരെയും ആദരിക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും അവരുടെ സേവന രംഗങ്ങളെപ്പറ്റി പ്രത്യേകിച്ച് യുവജനങ്ങളെ മനസ്സിലാക്കി കൊടുക്കുകയും ചെയ്യുക.

7. ദൈവവിളി ക്യാമ്പിൽ സംബന്ധിക്കുവാൻ കുട്ടികളെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ നടത്തുക.

8. ഇടവക തലത്തിൽ ദൈവിളിയെ സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക.

9. മാസത്തിലൊരിക്കലെങ്കിലും കമ്മിറ്റിയംഗങ്ങൾ ഒരുമിച്ചുകൂടി ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കുക.

## II ഫൊറോന ദൈവവിളി കമ്മിറ്റി

രൂപതാ ദൈവവിളി കമ്മീഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോനായിൽ പ്രവർത്തിക്കുന്ന സന്യസ്ഥരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സന്യാസ വൈദികനോ, ബ്രദറോ, നാല് സിസ്റ്റേഴ്സ്, നാല് ആത്മായർ എന്നിവർ ചേരുന്നതായിരിക്കും ഫൊറോനാ ദൈവവിളി കമ്മിറ്റി. ഇവരിൽ നിന്നും ഫൊറോന ദൈവവിളി കമ്മിറ്റി ഡയറക്ടർ, കൺവീനർ, ജോയിന്റ് കൺവീനർ, സെക്രട്ടറി, ട്രഷറർ എന്നിവരെ തിരഞ്ഞെടുക്കുന്നു.

### ദൗത്യം

1. രൂപതാ ദൈവവിളി കമ്മീഷനുമായി സഹകരിച്ച് ഫൊറോനായിലെ ഇടവകകകളിൽ ദൈവവിളി കമ്മിറ്റികൾ സ്ഥാപിക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക.

2. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഇടവകകൾ സന്ദർശിച്ച് ദൈവവിളി കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, പ്രോത്സാഹനം നൽകുകയും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക.

3. ഇടവക ദൈവവിളി കമ്മിറ്റികളിലെ അംഗങ്ങൾക്ക്വേണ്ട പരിശീലനം നൽകുക.

4. രൂപതയിൽ പൊതുവായ ആവശ്യങ്ങൾക്ക് രൂപതാ ദൈവവിളി കമ്മീഷനുമായി സഹകരിച്ച് പ്രവർത്തിക്കുക.

## III രൂപതാ ദൈവവിളി കമ്മീഷൻ

### ഭാരവാഹികൾ

1. ഡയറക്ടർ : അഭിവന്ദ്യ രൂപതാമെത്രാൻ നിയമിക്കുന്ന ഒരു വൈദികൻ
2. കൺവീനർ : ഫൊറോനാ തലത്തിലുള്ള ദൈവവിളി കമ്മിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സന്യാസ വൈദികനോ, ബ്രദറോ.
3. ജോയിന്റ് കൺവീനർ: ഫൊറോനതലത്തിലുള്ള ജോയിന്റ് കൺവീനർമാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സിസ്റ്ററോ അൽമായനോ.
4. സെക്രട്ടറി: ഫൊറോനാ തലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ.

മൂന്നു വർഷമായിരിക്കും ഇവരുടെ കാലാവധി, വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും കമ്മീഷൻകൂടി വേണ്ട തീരുമാനങ്ങൾ എടുക്കണം.

### ദൗത്യം

1. രൂപതയിൽ ദൈവവിളിക്യാമ്പുകൾ സംഘടിപ്പിക്കുക.
2. അൾത്താര ബാലന്മാർക്കുവേണ്ടിയുള്ള രൂപീകരണങ്ങൾ നടത്തുക.
3. ദൈവവിളി പ്രോത്സാഹന ഞായർ സംഘടിപ്പിക്കുക.
4. ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടിയുള്ള ഉപാധികൾ കണ്ടെത്തുകയും ഇടവകകളിൽ അവ വിതരണം ചെയ്യുകയും ചെയ്യുക.
5. രൂപതയിലെ യുവജന സംഘടനകൾ മതബോധനവിഭാഗം, കുട്ടികളുടെ മറ്റു സംഘടനകൾ എന്നിവയുമായി സഹകരിച്ച് രൂപതയിലുള്ള കതോലിക്കാ സ്ഥാപനങ്ങളിൽ ദൈവവിളി പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

6. ഇടവക ദൈവവിളി കമ്മിറ്റികൾ വഴി രൂപതയിലെ ദൈവവിളിയെ പറ്റിയുള്ള സെൻസസ് തയ്യാറാക്കുക.

7. ഓരോ ഇടവകയിലും ഇടവക ദൈവവിളി കമ്മിറ്റികൾ സ്ഥാപിക്കാൻ ഫോറോനാ ദൈവവിളി കമ്മിറ്റികളെ സഹായിക്കുക.

8. രൂപതയിലെ എല്ലാ ദൈവവിളി പ്രോത്സാഹികൾക്കും വേണ്ട പരിശീലനം നൽകുക.

## NOTIFICATION - 1

## 2014 - 2015 സാമ്പത്തികവർഷത്തിലെ കണക്കുകൾ സമർപ്പിക്കുന്നതിനെ സംബന്ധിച്ച്

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*

2014-2015 സാമ്പത്തികവർഷത്തിലെ നമ്മുടെ പള്ളികളിലെയും സ്ഥാപനങ്ങളിലെയും കണക്കുകൾ ഇനിയും ഏൽപ്പിച്ചിട്ടില്ലായെങ്കിൽ എത്രയും വേഗം അതിരൂപതാ കച്ചേരിയിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൊടുത്തുതീർക്കുവാനുള്ള വിശേഷാൽ പിരിവുകളും, ഏഴ് ശതമാനം വിഹിതവും താമസംവിനാ അതിരൂപത കച്ചേരിയിൽ ഏല്പിച്ചിരിക്കേണ്ടതാണ്.

എറണാകുളം — ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
27.12.2015 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 2

## CENSUS REPORT AND STATISTICAL DATA FOR THE YEAR 2015

Dear Reverend Fathers and Sisters,

The Annual Census Report and Statistical Data for the year 2015 of our parishes and institutions are to be prepared, so as to cover the period from January 1 to December 31, 2015.

You are requested to send this report and also the copies of the Registers of Baptisms, Marriages and Deaths of the year 2015 to our Curia before January 30, 2016. Since the copies of the registers of Baptisms, Marriages and Deaths are to be kept for many years in the Archdiocesan Archives, **please do not send the Photostat or carborn copies.** The carbon and Photostat copies will fade away in a years' time.

**Printed forms of Census and Registers are available in our Archdiocesan Curia, Verapoly.**

May I request you to pay special attention in sending the reports in due time so that we can send the same to Rome on time.

Yours devotedly in Christ Jesus,

Ernakulam
27-12-2015

**✠ Francis Kallarakal**
Metropolitan Archbishop of Verapoly

## NOTIFICATION - 3

Dear Rev. Fathers / Sisters,

The Eccleciastical Calendar (Ordo 2016) is ready to be collected from the Curia. You are requested to collect them on payment (Rs. 80/-) at the earliest possible. You may please make use of the Table of Movable Dates of the Liturgical Calendear since 2015 -2020 printed on the last page of the Ecclesiastical Calendar 2016.

Ernakulam
27.12.2015

**Chancellor**
Archdiocese of Verapoly

# CASUS
# 2016 JANUARY

## New Marriage Nullity Process

As reported in various media outlets, on 8th September 2015, His Holiness Pope Francis issued two major documents reforming the judicial system of the Catholic Church in the sphere of the marriage law. One of the documents, ***Mitis Iudex Dominus Iesus*** ("The Lord Jesus, Meek Judge") applies to Tribunals of Latin Church and another, ***Mitis Et Misericors Iesus*** (Meek and Merciful Lord Jesus) to Oriental Churches. Both documents signed on 15th August 2015, promulgated on 8th September 2015 and came into effect on 8th December 2015.

Among the reforms introduced by ***Mitis Iudex Dominus Iesus*** are four changes that address the desire of the Pope and many bishops to accelerate the process in processing cases involving an allegation of marriage nullity:

1. The removal of the requirement of two affirmative decisions before the parties can enter a new marriage in the Church. Under the new norms, an affirmative decision rendered by our Tribunal is sufficient. Only if an appeal is made by the responding party will a decision be examined by our appeals tribunal, Tribunal of the diocese of Cochin. (It does not abolish the possibility of an appeal, Canon 1680, §1).

2. All diocesan tribunals in the Church can now utilize a single judge in marriage cases (Canon 1673, §4). The new norms also allow for two of the three collegiate judges on a marriage case to be non-clerics. Formerly, only one lay judge could serve on a college of three judges (Canon 1673, §3).

3. Certain cases can now be decided directly by the diocesan bishop through an expedited process (***processus brevior***). The evidence

of nullity in such cases must be abundant and both parties firmly convinced their union was null. This expedited process reflects Pope Francis's commitment to sharing responsibility with the diocesan Bishops around the world (Canon 1683-1687).

4. Under the new norms, the tribunal of a petitioner is fully competent to accept his or her petition. Previously, respondent's judicial vicar had to give consent and the parties had to live in the same Episcopal conference if the marriage did not take place in the petitioner's diocese (Canon 1672).

Many discussions and studies are there in the course of time to be implemented in the new nullity process. Active involvement and pastoral care from the part of pastors' of souls (especially of parish priests) are highly recommended to attain a better understanding of the situation and to gather elements that would be useful in the process who approaches the tribunal with pain and anguish.

We can expect to receive a number of formal and private responses both from the Pontifical Council for Legislative Texts, and from the Apostolic Signatura. No doubt, it took two to three years to become accustomed to the legislation of the 1983 Code of Canon Law when it promulgated. So, we shouldn't be surprised that, faced with such a radical revision of a number of canons, there will be points that are unclear, and others where there are diverging opinions. Any way a hand book (***vademecum***) is necessary for outlining matrimonial procedural steps on **Briefer Procedure**. When CCBI and CRLCBC prepare a hand book for the same, no doubt, it might be helpful for the Tribunals in processing New Marriage Nullity Cases.

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21